**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 65** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നാളിതുവരെ എത്ര രൂപ ചിലവഴിച്ചു എന്ന് വിശദമാക്കാമോ; | (എ) | കെ-ഫോൺ പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതം ഉൾപ്പെടെ 724.22 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഏതൊക്കെ ഇനങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നൽകിയതെന്ന് വിശദമാക്കാമോ; | (ബി) | കെ-ഫോൺ പദ്ധതിക്കായി സർക്കാർ കെ.എസ്.ഐ.ടി.ഐ.എൽ-ന്റെ ട്രഷറി അക്കൗണ്ടിലേക്കാണ് തുക കൈമാറുന്നത്. തുടർന്ന്, കെ.എസ്.ഐ.ടി.ഐ.എൽ. പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL)-ന് ചെയ്യുന്ന പ്രവർത്തിയുടെ ബിൽ തുക, പ്രൊജക്റ്റ് മാനേജ്മെന്റ് ഏജൻസി ആയ ടെലികമ്മ്യൂണിക്കേഷൻസ് കൺസൾറ്റൻറ്സ് ഇന്ത്യ ലിമിറ്റഡ് (TCIL), പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ആയ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലിമിറ്റഡ് എന്നിവർക്കുള്ള ഏജൻസി ചാർജ്, ഗ്രാന്റ് തോൺടൺ കമ്പനിക്കുള്ള കൺസൾട്ടൻസി ചാർജ്, റെയിൽവേയ്ക്കും ദേശീയ പാതാ അതോറിറ്റിക്കുമുള്ള റൈറ്റ് ഓഫ് വേ ചാർജുകൾ, കെ.എസ്.ഇ.ബി.എൽ-നുള്ള വൈദ്യുതി ചാർജ് എന്നിങ്ങനെയാണ് തുക ചെലവഴിച്ചത്. |
| (സി) | കെ-ഫോൺ പദ്ധതിയുമായി ബന്ധപെട്ടു സർക്കാർ സ്വീകരിച്ച വായ്പകളുടെ തുകയും പലിശയും ഉൾപ്പെടെ നാളിതുവരെ എത്ര രൂപ സർക്കാർ വായ്പയായി സ്വീകരിച്ചു എന്നും വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ അനുവദിച്ച പലിശ രഹിത വായ്പയായ 85 കോടി രൂപയാണ് കെ-ഫോൺ പദ്ധതിയുമായി ബന്ധപെട്ട് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പദ്ധതിക്കായി കിഫ്ബിയിൽ നിന്നും നാളിതുവരെ 446.37 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ